"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്ഥാപനകാര്യം- തൃക്കാക്കര മുനിസിപ്പൽ ഓഫീസിലെ മുൻ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1847/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 08/10/2020

---

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.11.2015 തീയതിയിലെ ഇ(എൻ.ക്യു) 19/15/ഇകെഎം) 6722/15 നം. കത്ത്

2. 13.06.2017 തീയതിയിലെ ഇയു2/158/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ.ജി.മനോഹരൻ നായർ സമർപ്പിച്ച 11.10.2017 തീയതിയിലെ പ്രതിവാദപത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 06.11.2019 തീയതിയിലെ വി3-15447/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി ഓഫീസിലെ മുൻ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2പ്രകാരം കാരണം കാണിക്കലും കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ.ജി.മനോഹരൻ നായർ പരാമർശം 3 പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ.ജി.മനോഹരൻ നായർ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ശ്രീ.ജി.മനോഹരൻ നായർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ ശ്രീ.ജി.മനോഹരൻ നായർക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി റീജിയണൽ ഓഫീസ്

(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ-ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ